## 19/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. 'ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന സാമൂഹ്യ പരിഷ്കർത്താവ് ആരാണ്?
   (A) രാജാറാം മോഹൻ റായ് (B) സ്വാമി വിവേകാനന്ദൻ
   (C) സ്വാമി ദയാനന്ദ സരസ്വതി (D) ഗാന്ധിജി

2. ഭാരതത്തിലെ ആദ്യ പോർച്ചുഗീസ് വൈസ്രോയി :
   (A) വാസ്കോഡഗാമ (B) കബ്രാൾ
   (C) അൽമേഡ (D) അൽബുക്കർക്ക്

3. ഗ്രീനിച്ച് സമയം (GMT) ഇന്ത്യൻ സമയം (IST) എന്നിവ തമ്മിലുള്ള സമയവ്യത്യാസം എത്ര മണിക്കൂർ ആണ്?
   (A) 5 മണിക്കൂർ 30 മിനിറ്റ് (B) 6 മണിക്കൂർ 30 മിനിറ്റ്
   (C) 12 മണിക്കൂർ (D) 5 മണിക്കൂർ

4. ഇന്ത്യയിലെ ആദ്യ വനിത I.P.S. ഓഫീസർ :
   (A) ശർമ്മിള സിങ് I.P.S. (B) കിരൺ ബേഡി I.P.S.
   (C) ബി. സന്ധ്യ I.P.S. (D) ശ്രീലേഖ I.P.S.

5. ലോക സമാധാന സംഘടനയായ ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനം :
   (A) ന്യൂയോർക്ക് (B) വാഷിംഗ്ടൺ
   (C) ആസ്ട്രിയ (D) ഹേഗ്

6. 'കേരള പിറവി ദിനം' ആചരിക്കുന്നത് ഏത് തീയ്യതിയിലാണ്?
   (A) ചിങ്ങം 1 (B) നവംബർ 1
   (C) ജനുവരി 1 (D) വൃശ്ചികം 1

7. സാമൂഹ്യ പരിഷ്ക്കർത്താവായ ശ്രീ അയ്യങ്കാളിയെ 'പുലയരുടെ രാജാവ്' എന്ന് വിശേഷിപ്പിച്ചതാര്?
   (A) കെ. കേളപ്പൻ (B) എം.കെ. ഗാന്ധി
   (C) മന്നത്ത് പത്മനാഭൻ (D) സഹോദരൻ അയ്യപ്പൻ

8. കേരളത്തിലെ നദികളിൽ കിഴക്കോട്ട് ഒഴുകുന്ന നദികൾ ഏതെല്ലാം?
   (A) കബനി, ഭവാനി, പമ്പാർ (B) കബനി, കാവേരി, പെരിയാർ
   (C) പമ്പാർ, ചാലിയാർ, പെരിയാർ (D) കബനി, ഭവാനി, മണിമലയാർ

9. ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് മുൻപ് സ്ഥാനം വഹിച്ചിരുന്ന ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പയുടെ യഥാർത്ഥ പേര് :

(A) ജോസഫ് റാറ്റ്സിങർ
(B) വിൻസന്റ് നിക്കോൾസ്
(C) ജസ്റ്റിൻ വെൽബി
(D) ജോർജ്ജ് മരിയ ബെർഗോളിയോ

10. പൂർണ്ണമായും ദക്ഷിണാർദ്ധഗോളത്തിൽ സ്ഥിതിചെയ്യുന്ന ജനവാസമുള്ള വൻകര ഏത്?

(A) തെക്കേ അമേരിക്ക
(B) ആസ്ട്രേലിയ
(C) അന്റാർട്ടിക്ക
(D) യൂറോപ്പ്

11. ബ്രിട്ടീഷ് മേധാവിത്വം ഇന്ത്യയിൽ സ്ഥാപിക്കാൻ സഹായിച്ച 'പ്ലാസി യുദ്ധം' നടന്ന വർഷം ഏത്?

(A) 1857
(B) 1657
(C) 1757
(D) 1557

12. താഴെ തന്നിരിക്കുന്നവയിൽ 'ആസിഡുകളുടെ രാജാവ്' എന്നറിയപ്പെടുന്നത് ഏതിനെയാണ്?

(A) സൾഫ്യൂരിക് ആസിഡ്
(B) ഹൈഡ്രോക്ലോറിക് ആസിഡ്
(C) സിട്രിക് ആസിഡ്
(D) നൈട്രിക് ആസിഡ്

13. കേരളത്തിലെ 'ഝാൻസി റാണി' എന്നറിയപ്പെടുന്ന മഹതി :

(A) ആനി ബസന്റ്
(B) ലക്ഷ്മി എൻ. മേനോൻ
(C) അക്കാമ്മ ചെറിയാൻ
(D) ഫാത്തിമ ബീവി

14. ദക്ഷിണാഫ്രിക്കയുടെ തലസ്ഥാനം ഏത്?

(A) കേപ് ടൗൺ
(B) നൈജീരിയ
(C) ലിബിയ
(D) അങ്കാറ

15. 'ഇന്ത്യയിലെ വാനമ്പാടി' എന്നറിയപ്പെടുന്ന വനിത ആര്?

(A) ശ്രീമതി ഇന്ദിരാ ഗാന്ധി
(B) ശ്രീമതി സരോജിനി നായിഡു
(C) ശ്രീമതി എം.എസ്. സുബ്ബലക്ഷ്മി
(D) ശ്രീമതി ആനി ബസന്റ്

16. 1815-ലെ 'വാട്ടർ ലൂ' യുദ്ധത്തിന്റെ ഫലമായി നാടുകടത്തപ്പെട്ട ചക്രവർത്തി :

(A) നെപ്പോളിയൻ ബോണോപ്പാർട്ട്
(B) മഹാനായ അലക്സാണ്ടർ
(C) അഗസ്റ്റസ് സീസർ
(D) ജൂലിയസ് സീസർ

17. 'ദൈവദശകം' എന്ന ഗ്രന്ഥം രചിച്ച സാമൂഹ്യ പരിഷ്ക്കർത്താവ് ആര്?

(A) സഹോദരൻ അയ്യപ്പൻ
(B) ശ്രീനാരായണ ഗുരു
(C) അയ്യൻകാളി
(D) ചട്ടമ്പി സ്വാമി

18. എല്ലാ ആസിഡുകളിലും പൊതുവായി കാണുന്ന മൂലകം ഏതാണ്?

(A) നൈട്രജൻ (B) ഹൈഡ്രജൻ

(C) ഓക്സിജൻ (D) ഹീലിയം

19. 'വൈറ്റമിൻ സി' യുടെ അഭാവം മൂലമുണ്ടാകുന്ന രോഗം :

(A) ബെറി ബെറി (B) റിക്കറ്റ്സ്

(C) സ്കർവി (D) നിശാന്ധത

20. കേരളത്തിൽ ഉപ്പുസത്യാഗ്രഹത്തിന്റെ കേന്ദ്രം എവിടെയായിരുന്നു?

(A) മട്ടന്നൂർ (B) പയ്യന്നൂർ

(C) കയ്യൂർ (D) പോത്തന്നൂർ

21. സൗരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹമേത്?

(A) ടൈറ്റൻ (B) ഗാനിമീഡ്

(C) മിരാൻഡ (D) റോമിയോ

22. ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്ന കേരളത്തിലെ ജില്ല :

(A) ആലപ്പുഴ (B) കോട്ടയം

(C) പാലക്കാട് (D) ഇടുക്കി

23. കേരളത്തിലെ ആകെ താലൂക്കുകൾ എത്ര?

(A) 63 (B) 68

(C) 36 (D) 86

24. ആരുടെ ചരമദിനമാണ് വായനാദിനമായി ആചരിക്കുന്നത്?

(A) വള്ളത്തോൾ (B) കുമാരനാശാൻ

(C) പി.എൻ. പണിക്കർ (D) കെ. രാമകൃഷ്ണപിള്ള

25. നോബൽ സമ്മാനം നേടിയ ആദ്യ വനിത ആരാണ്?

(A) അഗതാ ക്രിസ്റ്റി (B) മേരി ക്യൂറി

(C) മാർഗരറ്റ് താച്ചർ (D) സുനിതാ വില്യംസ്

26. 'ഉരുളൻ കിഴങ്ങ് തിന്നുന്നവർ (Potatoe eaters) എന്ന വിശ്വവിഖ്യാത ചിത്രം ആരുടെ സംഭാവനയാണ്?

(A) വിൻസന്റ് വാൻഗോഗ് (B) ലിയനാർഡോ ഡാവിഞ്ചി

(C) റാഫേൽ (D) പിക്കാസോ

27. താഴെ തന്നിരിക്കുന്നവയിൽ ആദ്യത്തെ ഇന്ത്യൻ നിർമ്മിത റോക്കറ്റ് :

(A) രോഹിണി (B) ആര്യഭട്ട

(C) ആപ്പിൾ (D) തുമ്പ്യൂൽ

28. 'ബാങ്കുകളുടെ ബാങ്ക്' എന്നറിയപ്പെടുന്ന സ്ഥാപനം ഏത്?

(A) വാണിജ്യ ബാങ്ക് (B) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

(C) നബാർഡ് (D) റീജിയണൽ റൂറൽ ബാങ്ക്

29. ഭരണഘടനയുടെ എത്രാമത്തെ ഭേദഗതിയിലൂടെയാണ് വോട്ടിങ്ങ് പ്രായം 21-ൽ നിന്നും 18 ആയി കുറച്ചത്?

(A) 73-ാം ഭേദഗതി (B) 74-ാം ഭേദഗതി

(C) 61-ാം ഭേദഗതി (D) 62-ാം ഭേദഗതി

30. ഇന്ത്യയുടെ 'ദേശീയ ജലജീവി' ഏത്?

(A) ഡോൾഫിൻ (B) തിമിംഗലം

(C) നീർനായ (D) ട്യൂണ

31. മയിലുകളുടെ സംരക്ഷണാർത്ഥം കേരളത്തിൽ സ്ഥാപിച്ചിരുന്ന ചൂലന്നൂർ സങ്കേതം സ്ഥിതിചെയ്യുന്നത് ഏത് ജില്ലയിലാണ്?

(A) എറണാകുളം (B) വയനാട്

(C) പാലക്കാട് (D) ഇടുക്കി

32. ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ആരാണ്?

(A) ഹരിലാൽ ജെ. കെനിയ (B) അൽത്തമാസ് കബീർ

(C) കെ.ജി. ബാലകൃഷ്ണൻ (D) വൈ.വി. റെഡ്ഢി

33. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ആര്?

(A) സി. കേശവൻ (B) സി.വി. കുഞ്ഞുരാമൻ

(C) ഇ.എം.എസ്. നമ്പൂതിരിപ്പാട് (D) ഗോവിന്ദമേനോൻ

34. മനുഷ്യശരീരത്തിലെ 'സ്വീറ്റ് ഗ്ലാന്റ്' ഏതാണ്?

(A) തൈമസ് ഗ്രന്ഥി (B) പാൻക്രിയാസ്

(C) പീനിയൻ ഗ്രന്ഥി (D) തലാമസ്

35. 'കേരള മോപ്പസാങ്' എന്നറിയപ്പെടുന്ന പ്രസിദ്ധ സാഹിത്യകാരൻ :

(A) തകഴി ശിവശങ്കരപ്പിള്ള (B) ജി. ശങ്കരക്കുറുപ്പ്

(C) വൈലോപ്പിള്ളി ശ്രീധരമേനോൻ (D) ഇടശ്ശേരി

36. WWF ന്റെ ചിഹ്നം ഉൾക്കൊള്ളുന്ന ജീവി ഏത്?

(A) പ്രാവ്
(B) ഭീമൻ പാണ്ട
(C) ആന
(D) കടുവ

37. ഇന്ത്യ-ചൈന അതിർത്തി രേഖ അറിയപ്പെടുന്ന പേര് :

(A) മക്-മോഹൻ രേഖ
(B) റാഡ് ക്ലിഫ് രേഖ
(C) 38-ാം സമാന്തര രേഖ
(D) ഡ്യൂറന്റ് രേഖ

38. 'ഗോൾഡൺ ട്രയാംഗിൾ' എന്നറിയപ്പെടുന്ന ഇന്ത്യൻ നഗരങ്ങൾ ഏതെല്ലാം?

(A) ലക്നൗ, ഡൽഹി, ആഗ്ര
(B) ഡൽഹി, ആഗ്ര, ജയ്പൂർ
(C) ഡൽഹി, കൽക്കത്ത, ലക്നൗ
(D) ഡൽഹി, ലക്നൗ, ജയ്പൂർ

39. 'നൈലിന്റെ ദാനം' എന്നറിയപ്പെടുന്ന പ്രദേശം :

(A) ഈജിപ്റ്റ്
(B) സുമേറിയ
(C) ലോത്തൽ
(D) കൊറിയ

40. 'ഹിരാക്കുഡ് പദ്ധതി' ഏത് നദിയിലാണ് സ്ഥാപിച്ചിട്ടുള്ളത്?

(A) കാവേരി
(B) സത്ലജ്
(C) മഹാനദി
(D) ദാമോദർ

41. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള ലോഹമേത്?

(A) കാൽസ്യം
(B) ചെമ്പ്
(C) അലുമിനിയം
(D) ഇരുമ്പ്

42. ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ഏറ്റവും വലിയ ദ്വീപ് ഏത്?

(A) ആൻഡമാൻ-നിക്കോബാർ
(B) ലക്ഷദ്വീപ്
(C) മഡഗാസ്കർ ദ്വീപ്
(D) മാലി ദ്വീപ്

43. സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി ആരായിരുന്നു?

(A) ഡോ. എസ്. രാധാകൃഷ്ണൻ
(B) ഡോ. എസ്. രാജേന്ദ്രപ്രസാദ്
(C) ഡോ. വെങ്കിട്ടരാമൻ സി.
(D) ഡോ. എ.പി.ജെ. അബ്ദുൽ കലാം

44. 'ലോക അങ്ങാടി കുരുവി ദിനം' എന്നാണ് ആചരിക്കുന്നത്?

(A) ഫെബ്രുവരി 20
(B) ഏപ്രിൽ 20
(C) മാർച്ച് 20
(D) മെയ് 20

45. അബ്രഹാം ലിങ്കൺ അമേരിക്കയുടെ എത്രാമത്തെ പ്രസിഡന്റായിരുന്നു?

(A) 16 (B) 18
(C) 12 (D) 10

46. സർദാർ വല്ലഭായ് പട്ടേലിന്റെ പേരിലറിയപ്പെടുന്ന കേരളത്തിലെ പോലീസ് മ്യൂസിയം സ്ഥിതിചെയ്യുന്നത് ഏത് ജില്ലയിലാണ്?

(A) കോട്ടയം (B) കൊല്ലം
(C) കണ്ണൂർ (D) തിരുവനന്തപുരം

47. ഇന്ത്യൻ ബഹിരാകാശ പദ്ധതിയുടെ പിതാവാര്?

(A) ഹോമി.ജെ. ഭാഭ (B) ഡോ. എസ്. രാധാകൃഷ്ണൻ
(C) വിക്രം സാരാഭായ് (D) ശ്രീനിവാസ രാമാനുജൻ

48. വിനാഗിരിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏതാണ്?

(A) അസെറ്റിക് ആസിഡ് (B) സിട്രിക് ആസിഡ്
(C) ലാക്ടിക്കാസിഡ് (D) ബോറിക് ആസിഡ്

49. ഇന്ത്യയിൽ ആകെ എത്ര സംസ്ഥാനങ്ങൾ ഇപ്പോൾ നിലവിൽ ഉണ്ട്?

(A) 26 (B) 28
(C) 25 (D) 27

50. 'പഴങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്ന ഫലം ഏത്?

(A) മാമ്പഴം (B) ചക്ക
(C) ആപ്പിൾ (D) മുന്തിരി

51. ലോകകപ്പ് ഫുട്ബോളിൽ ഏറ്റവുമധികം തവണ ചാമ്പ്യനായ ടീം ഏത്?

(A) ജർമ്മനി (B) ബ്രസീൽ
(C) ഫ്രാൻസ് (D) ഇറ്റലി

52. താഴെ തന്നിരിക്കുന്നവയിൽ ലോകബാങ്കിന്റെ ആസ്ഥാനം :

(A) വാഷിംഗ്ടൺ ഡി.സി. (B) ന്യൂയോർക്ക്
(C) ഹേഗ് (D) മനില

53. ഇന്ത്യൻ ദേശീയ പതാകയിൽ, ധീരത, ത്യാഗം എന്നിവയെ പ്രതിനിധാനം ചെയ്യുന്ന നിറം ഏത്?

(A) വെള്ള നിറം (B) കുങ്കുമ നിറം

(C) പച്ച നിറം (D) നീല നിറം

54. 'ശക്തിസ്ഥൽ' ആരുടെ സമാധി സ്ഥലമാണ്?

(A) ശ്രീമതി ഇന്ദിരാഗാന്ധി (B) മഹാത്മാ ഗാന്ധി

(C) രാജീവ് ഗാന്ധി (D) നീലം സഞ്ജീവ് റെഡ്ഡി

55. ഏറ്റവും കൂടുതൽ കാലം ബഹിരാകാശത്ത് ചെലവഴിച്ച വനിത ആരാണ്?

(A) സുനിത വില്യംസ് (B) വാലന്റീന

(C) കല്പന ചൗള (D) ഏലിൻ കോളിൻസ്

56. 2012 ഒക്ടോബർ ഒൻപതിന് തീവ്രവാദികളുടെ വെടിവെയ്പിൽ പരുക്കേറ്റ് ചികിത്സ നേടിയ; ലോക ശ്രദ്ധ പിടിച്ചുപറ്റിയ ബാലികയുടെ പേര്?

(A) മലാല യൂസഫ് സായി (B) മലാല മുഹമ്മദ് അലി

(C) ഷീൻ യൂനുസ് (D) ഷീൻ മുഹമ്മദ്

57. റോക്കി പർവ്വത ചരുവിൽ വീശുന്ന 'മഞ്ഞ് തിന്നുന്നവൻ' എന്ന വിളിപേരുള്ള പ്രാദേശിക വാതകം :

(A) മിസ്ട്രൽ (B) ചിനൂക്ക്

(C) ഫൊൻ (D) വില്ലി വില്ലീസ്

58. 'ജ്ഞാനപീഠ പുരസ്ക്കാരം' ആദ്യമായി നൽകപ്പെട്ട വർഷം :

(A) 1965 (B) 1961

(C) 1967 (D) 1964

59. 'ഇന്ത്യൻ ഭരണഘടനയുടെ പിതാവ്' എന്നറിയപ്പെടുന്ന വ്യക്തി :

(A) ഡോ. രാധാകൃഷ്ണൻ . എസ് (B) ഡോ. ബി.ആർ. അംബേദ്ക്കർ

(C) ഡോ. രാജേന്ദ്രപ്രസാദ് . എസ്. (D) റ്റി.റ്റി. കൃഷ്ണനാചാരി

60. ചട്ടമ്പി സ്വാമികൾ സമാധിയായ സ്ഥലം :

(A) ചവറ (B) വർക്കല

(C) കൊല്ലൂർ (D) തോന്നയ്ക്കൽ

61. ഒരു ജലവാഹനത്തിൽ എണ്ണ പടർന്ന് പിടിച്ച് അഗ്നിബാധ ഉണ്ടായാൽ, താഴെ പറയുന്ന ഏത് അഗ്നിശമന ഉപകരണമാണ് ഫലപ്രദമാകുന്നത്?

(A) വെള്ളം നിറച്ച ബക്കറ്റുകൾ
(B) പത വരുത്തുന്ന ഫോം
(C) കാർബൺ ഡൈ ഓക്സൈഡ്
(D) പൗഡർ അഗ്നിശമനി

62. ജലവാഹനം തിരിയുന്നതിന് ചുക്കാൻ ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ അത് എവിടെയാണ്?

(A) അണിയത്ത്
(B) വലതുവശത്ത്
(C) ഇടതുവശത്ത്
(D) അമരത്ത്

63. ഒരു ജലവാഹനം ജലത്തിൽ കൂടി നീങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ ഇടതുവശം കാണിക്കുന്ന പാർശ്വവിളക്ക് എന്തു നിറമുള്ള പ്രകാശമാണ് കാണിക്കുന്നത്?

(A) വെള്ള നിറം
(B) പച്ച നിറം
(C) ചുവന്ന നിറം
(D) മഞ്ഞ നിറം

64. കടലിൽ നിന്നും അഴിമുഖത്തേക്ക് പ്രവേശിക്കുമ്പോൾ ഇരുവശത്തും കോണാകൃതിയിലും വീപ്പ ആകൃതിയിലും ആഴം കൂടിയ ചാലുകൾ തിരിച്ചറിയാൻ വിന്യസിച്ചിരിക്കുന്ന ബോയകളിൽ ഇടത് വശത്ത് കാണുന്ന വീപ്പ ബോയകളുടെ നിറം എന്താണ്?

(A) ചുവപ്പ്
(B) പച്ച
(C) മഞ്ഞ
(D) കറുപ്പ്

65. നിയന്ത്രണാധീതമോ അല്ലെങ്കിൽ കൈകാര്യം ചെയ്യുന്നതിന് പരിമിതിയുള്ളതോ ആയ ഒരു ജലവാഹനം ഓടികൊണ്ടിരിക്കുമ്പോൾ ഈ അവസ്ഥയെ കാണിക്കുന്നതിന് സാധാരണ വിളക്കുകൾക്ക് പുറമേ ലംബമായി ഒന്നിന് മുകളിൽ മറ്റേത് എന്ന നിലയിൽ വേണ്ടത്ര അകലത്തിൽ പ്രദർശിപ്പിക്കുന്ന നാലുപാടും കാണാവുന്ന വിളക്കുകളുടെ നിറം എന്താണ്?

(A) പച്ച
(B) ചുവപ്പ്
(C) മഞ്ഞ
(D) വെള്ളപ്പ്

66. ഒരു ജലവാഹനം വലതുവശത്തേയ്ക്ക് തിരിയുന്നതിന് പുറപ്പെടുവിയ്ക്കുന്ന ശബ്ദ അടയാളം ഏതാണ്?

(A) ചെറിയ ഒരു ചൂളം
(B) ചെറിയ രണ്ട് ചൂളം വിളി
(C) മൂന്ന് ചെറിയ ചൂളം വിളി
(D) നാല് ചെറിയ ചൂളം വിളി

67. അമരത്ത് മദ്ധ്യഭാഗത്ത് ഏറ്റവും പിന്നിലായി നിയമാനുസൃതമായ വിളക്ക് ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ അത് ഇരുഭാഗങ്ങളുമുൾപ്പെടെ 135 ഡിഗ്രി വൃത്താംശത്തിലായിരിക്കണം. ഈ വിളക്കിന്റെ പ്രകാശം ഏത് നിറത്തിലാണ്?

(A) ചുവപ്പ്
(B) പച്ച
(C) മഞ്ഞ
(D) വെള്ളപ്പ്

68. ഒരു ജലവാഹനം മറ്റൊരു ജലവാഹനത്തെ മറികടന്ന് പോരുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുന്നതിന്, പ്രത്യേകിച്ചും മറ്റേ ജലവാഹനത്തിന്റെ ഇടതുവശത്ത് കൂടിയാണെങ്കിൽ വലതും ചെറുതുമായി എത്ര ചൂളം വിളിക്കേണ്ടതാണ്?

(A) 1 + 1 (B) 4 + 4

(C) 2 + 2 (D) 3 + 3

69. 'ട്രോളിംഗ് വലയോ, അതുപോലുള്ള മറ്റ് ഉപകരണങ്ങളോ നിലത്തു കൂടി വലിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുത്തുന്ന ജലവാഹനം ചട്ടങ്ങൾ അനുസരിക്കുന്ന മറ്റ് വിളക്കുകൾ കൂടാതെ ചുറ്റും കാണുന്ന ലംബമായ രണ്ട് വിളക്കുകൾ കൂടി അധികം അകലമല്ലാതെ പ്രദർശിപ്പിക്കുന്നു. ഇവ താഴെ പറയുന്നവയിൽ ഏതാണ്?

(A) പച്ചയും വെള്ളപ്പും (B) രണ്ട് ചുവപ്പ്

(C) രണ്ട് പച്ച (D) ചുവപ്പും വെള്ളയും

70. മറവുള്ള ഒരു വളവിൽ മറ്റ് ജലവാഹനത്തെ ഓർമ്മിപ്പിക്കാൻ എത്ര നീണ്ട ചൂളം വിളി നല്കണം?

(A) ഒരു നീണ്ട ചൂളം വിളി (B) രണ്ടു നീണ്ട ചൂളം വിളി

(C) മൂന്ന് ചൂളം വിളി (D) നാല് ചൂളം വിളി

71. ഒരു നോട്ടിക്കൽ മൈൽ എന്ന ദൂരത്തിന് എത്ര മീറ്റർ ആണ്?

(A) 1609 മീറ്റർ (B) 1000 മീറ്റർ

(C) 1852 മീറ്റർ (D) 2000 മീറ്റർ

72. കിഴക്കോട്ട് ഒഴുകുന്ന മൂന്നു നദികളുടെ കൂട്ടത്തിൽ ഒന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നു. അത് ഏതാണ്?

(A) കബനി (B) ഷിറിയ

(C) പമ്പാർ (D) ഭവാനി

73. വയനാട് ജില്ലയിലെ പ്രധാന ശുദ്ധജല തടാകം ഏതാണ്?

(A) സുഗന്ധ ഗിരി (B) പാപനാശിനി

(C) കബനി (D) പൂക്കോട്ട് തടാകം

74. മലമ്പുഴ അണക്കെട്ടും ജലസംഭരണിയും ഏത് ജില്ലയിലാണ്?

(A) ഇടുക്കി (B) പാലക്കാട്

(C) വയനാട് (D) മലപ്പുറം

75. പായ്കപ്പൽ നിർമ്മാണം നടത്തുന്ന തുറമുഖ നഗരം ഏതാണ്?

(A) കൊല്ലം (B) കൊച്ചി

(C) ബേപ്പൂർ (D) മലപ്പുറം

76. കേരളത്തിൽ കരിമണൽ സുലഭതയുള്ള സ്ഥലം ഏതാണ്?

(A) തോട്ടപ്പിള്ളി (B) പുന്നപ്ര

(C) പള്ളിപ്പുറം (D) ചവറ

77. പമ്പാനദിയും മണിമലയാറും സംഗമിക്കുന്നത് എവിടെയാണ്?

(A) പുളിക്കീഴ് (B) ആറന്മുള

(C) മാവേലിക്കര (D) ചെങ്ങന്നൂർ

78. സമുദ്രമാർഗ്ഗത്തിലൂടെ യൂറോപ്പിൽ നിന്നും ഇന്ത്യയിൽ ആദ്യം എത്തിയ നാവികൻ?

(A) വാസ്കോഡഗാമ (B) കാബ്രാൾ

(C) കൊളമ്പസ് (D) ബർത്തിലോമ ഡയസ്

79. ചേറ്റുവാ മുതൽ പൊന്നാനി വരെയുള്ള കനാലിന്റെ പേര് എന്താണ്?

(A) ഇ.കെ. കനാൽ (B) സുൽത്താൻ കനാൽ

(C) പാർവ്വതി പുത്തനാർ (D) കനോലി കനാൽ

80. കണ്ണൂർ ജില്ലയിലുള്ള സെയിന്റ് ആഞ്ചലോ കോട്ട നിർമ്മിച്ചത് ആരാണ്?

(A) പോർട്ടുഗീസുകാർ (B) ഡച്ചുകാർ

(C) ഫ്രഞ്ചുകാർ (D) ടിപ്പു സുൽത്താൻ

81. പൊന്നാനി തുറമുഖം ഏത് പുഴയുടെ അഴിമുഖത്താണ്?

(A) കടലുണ്ടി പുഴ (B) ഭാരതപ്പുഴ

(C) ചാലിയാർ (D) എലത്തൂർപ്പുഴ

82. കേരളത്തിലെ ഏറ്റവും നീളം കൂടിയ പുഴ ഏതാണ്?

(A) ഭാരതപ്പുഴ (B) മയ്യഴിപ്പുഴ

(C) പമ്പ (D) പെരിയാർ

83. കേരളത്തിന്റെ കപ്പൽ നിർമ്മാണ ശാല എവിടെയാണ്?

(A) വിഴിഞ്ഞം (B) കൊച്ചി

(C) ബേപ്പൂർ (D) ചെറുവത്തൂർ

84. കേരളത്തിലെ ഏറ്റവും വലിയ ജലസംഭരണി ഏതാണ്?

(A) പേച്ചിപാറ (B) പെരുവണ്ണാൻ മൂഴി

(C) ഇടുക്കി (D) പെരിങ്ങൽകുത്ത്

85. 'മുസരിസ്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന തുറമുഖ പട്ടണം :

(A) കടലുണ്ടി (B) പുറക്കാട്

(C) വിഴിഞ്ഞം (D) കൊടുങ്ങല്ലൂർ

86. വേമ്പനാട്ട് കായലിന് കുറുകേ ഉണ്ടാക്കിയിട്ടുള്ള സ്പിൽ വേ മറികടക്കാൻ വലിയ ജലവാഹനങ്ങൾക്ക് 'ലോക്ക്' സൗകര്യം ഏർപ്പെടുത്തിയത് ഏത് അറ്റത്താണ്?

(A) വെച്ചൂർ (B) നേരിയ കടവ്

(C) കുമരകം (D) മുഹമ്മ

87. കേരളത്തിലെ കായലുകളിൽ ഏറ്റവും വലുത് ഏതാണ്?

(A) അഷ്ടമുടി കായൽ (B) ഇടവാ കായൽ

(C) കവ്വായി കായൽ (D) വേമ്പനാട്ട് കായൽ

88. കല്ലടയാറിന്റെ അഴിമുഖത്തുള്ള തുറമുഖം ഏതാണ്?

(A) നീണ്ടകര (B) ചവറ

(C) തങ്കശ്ശേരി (D) കരുനാഗപ്പിള്ളി

89. രാമയ്യൻ ദളവ 'ഡിലനോയി ഡോണായി' എന്ന രണ്ട് യൂറോപ്യൻ കപ്പിത്താന്മാരെ തടവുകാരാക്കിയത് ഏത് യുദ്ധത്തിലാണ്?

(A) പുറക്കാട് യുദ്ധം (B) കുളച്ചൽ യുദ്ധം

(C) ചേറ്റുവ (D) പൊന്നാന്നി

90. ബ്രിട്ടീഷുകാരുടെ ആദ്യ സെറ്റിൽമെന്റ് കേരളത്തിൽ എവിടെയായിരുന്നു?

(A) തങ്കശ്ശേരി (B) തലശ്ശേരി

(C) അഞ്ചുതെങ്ങ് (D) കോഴിക്കോട്

91. തേക്കടി/മുല്ലപ്പെരിയാർ മേഖലയിൽ വന്യജീവി റിസർവ്വ് ഏതാണ്?

(A) കാട്ടുപോത്ത് (B) കടുവ

(C) വരയാട് (D) ആന

92. തീരദേശ മേഖലകളിൽ വേലിയേറ്റവും വേലിയിറക്കവും എത്ര മണിക്കൂർ ഉദ്ദേശം ഇടവിട്ട് ഉണ്ടാകുന്നു?

(A) 12 മണിക്കൂർ
(B) 24 മണിക്കൂർ
(C) 6 മണിക്കൂർ
(D) 48 മണിക്കൂർ

93. പുന്നമടക്കായലിൽ ഓണത്തിനോട് മുന്നോടിയായി നടത്തുന്ന ചുണ്ടൻവള്ളംകളി മത്സരത്തിൽ നല്കുന്ന ട്രോഫി ആരുടെ പേരിലാണ് അറിയപ്പെടുന്നത്?

(A) ഇന്ദിരാഗാന്ധി
(B) രാജീവ് ഗാന്ധി
(C) പണ്ഡിറ്റ് ജവഹർലാൽ നെഹ്റു
(D) മഹാത്മാഗാന്ധി

94. വർക്കല തുരങ്കങ്ങൾ ഏത് ജില്ലയിലാണ്?

(A) പത്തനംതിട്ട
(B) തിരുവനന്തപുരം
(C) കൊല്ലം
(D) ആലപ്പുഴ

95. കേരളത്തിന്റെ സമുദ്രാതിർത്തി എത്ര നോട്ടിക്കൽ മൈൽ വരെയാണ്?

(A) 24
(B) 12
(C) 60
(D) 200

96. കേരള നിയമസഭയിൽ തിരഞ്ഞെടുക്കപ്പെട്ട എത്ര അംഗങ്ങൾ വരെ ഉണ്ടായിരിക്കണം?

(A) 140
(B) 120
(C) 115
(D) 145

97. ജൂൺ/ജൂലൈ മാസങ്ങളിലെ മൺസൂൺ കാലവർഷത്തിൽ കാറ്റ് ഏതു ദിശയിൽ നിന്നാണ് വീശുന്നത്?

(A) തെക്ക്-കിഴക്കൻ
(B) തെക്ക്-പടിഞ്ഞാറൻ
(C) വടക്ക്-പടിഞ്ഞാറൻ
(D) വടക്ക്-കിഴക്കൻ

98. താഴെയുള്ളതിൽ താരതമ്യേന വെള്ളത്തിൽ താഴ്ന്നു പോകുന്ന മരം ഏതാണ്?

(A) തേക്ക്
(B) അയനി
(C) ഇരുൾ
(D) പ്ലാവ്

99. ജലയാത്രയിൽ സുരക്ഷയ്ക്ക് ധരിക്കുന്നത് ഇതിൽ ഏതാണ്?

(A) ഓക്സിജൻ മാസ്ക്
(B) ലൈഫ് റാഫ്റ്റ്
(C) ലൈഫ് ജാക്കറ്റ്
(D) ലൈഫ് ബോയ്

100. ടൈറ്റാനിക് എന്ന സുപ്രസിദ്ധമായ കപ്പൽ എന്ത് കാരണം കൊണ്ടാണ് മുങ്ങിയത്?

(A) മറ്റൊരു കപ്പലുമായി കൂട്ടി ഇടിച്ചു
(B) തീപിടുത്തം ഉണ്ടായി
(C) പാറക്കെട്ടിൽ തട്ടി തകർന്നു
(D) മഞ്ഞുകട്ടയിൽ ഇടിച്ചു

---